ശ്രീലങ്കൻ കുടുംബങ്ങളുടെ പുനരധിവാസം

191 (902) ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീഹാബിലിറ്റേഷൻ പ്ലാന്റേഷനിൽ ശ്രീലങ്കയിൽ നിന്നുമുള്ള എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്;

(ബി) എത്ര കുടുംബങ്ങൾക്ക് ഫാമിലി കാർഡ് നൽകിയിട്ടുണ്ട്;

(സി) പുനരധിവാസത്തിനുശേഷം ജനിച്ചവരുടെ പേരുകൾ ഫാമിലി കാർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഫാമിലി കാർഡിൽ പേരുള്ളവരുടെ റിട്ടയർമെന്റിനുശേഷം അവരുടെ ആശ്രിതർക്ക് ഫാമിലി കാർഡിൽ പേരില്ല എന്ന കാരണത്താൽ ജോലി നൽകാൻ കഴിയാത്ത എത്ര കേസ്സുകൾ ഉണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഫാമിലി കാർഡിൽ പേര് ഉൾപ്പെടുത്താത്തവരുടെ പേരുകൾ ഫാമിലി കാർഡിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 700.

(ബി) മേൽപ്പറഞ്ഞ 700 കുടുംബങ്ങൾക്ക്.

(സി) ഇല്ല.

(ഡി) പുനരധിവാസ സമയത്ത് ഇൻഡ്യയിലേക്ക് കുടിയേറിപ്പാർക്കുന്നവരുടെ പേരുകളാണ് കുടുംബ കാർഡിൽ ഉൾപ്പെടുത്തുന്നത്.

(ഇ) 12 എണ്ണം വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(എഫ്) ഉണ്ട്.

(ജി) ഇത് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആലോചിച്ചു തീരുമാനിക്കേണ്ട ഒരു നയപരമായ കാര്യമാണ്.

വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം

192 (903) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ഏതൊക്കെ തുറമുഖങ്ങളെയാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള യന്ത്രവൽകൃത തുറമുഖങ്ങളാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) വിഴിഞ്ഞം തുറമുഖ വികസനം സർക്കാരിന്റെ പരിഗണനയിലുണ്ടോ, എങ്കിൽ എന്തൊക്കെ ആധുനിക സൗകര്യങ്ങളോടെയാണ് പ്രസ്തുത തുറമുഖം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) വിഴിഞ്ഞം തുറമുഖ വികസനം ഏതൊക്കെ ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതൊക്കെ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുറമുഖ വികസനം നടത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) പുതിയ പദ്ധതി നടപ്പിൽ വരുന്നതോടെ വിഴിഞ്ഞം തുറമുഖത്തിന്റെ നിലവിലുള്ള പ്രവർത്തനം തടസ്സപ്പെടുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(എഫ്) വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടെ എത്ര ലക്ഷം പേർക്ക് തൊഴിൽ നൽകാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) വിഴിഞ്ഞം തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട ഇടത്തരം തുറമുഖങ്ങളിൽ വിഴിഞ്ഞം തുറമുഖം അന്താരാഷ്ട്ര നിലവാരത്തിലുള്ള തുറമുഖമായി വികസിപ്പിക്കുന്നതിന് തീരുമാനിച്ചു.

(ബി മുതൽ ഡി)വരെ സെക്കന്തരാബാദിലെ കുമാർസ് എനർജി കോർപ്പറേഷൻ എന്ന കമ്പനിയുടെ പങ്കാളിത്തത്തോടെ ബിൽഡ്, ഓപ്പറേറ്റ് ആൻഡ് ട്രാൻസ്ഫർ വ്യവസ്ഥയിലാണ് വിഴിഞ്ഞം തുറമുഖ വികസനം നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നത്. വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയശേഷമേ ആധുനിക സൗകര്യങ്ങൾ എന്തൊക്കെയെന്ന കാര്യം പറയുവാൻ കഴിയൂ.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) കണക്കാക്കിയിട്ടില്ല.

(ജി) സ്വീകരിച്ചിട്ടുണ്ട്.

പടക്കങ്ങൾ നിരോധിക്കുന്ന നടപടി

193 (904)ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത പരിധിയിൽ കവിഞ്ഞു ശബ്ദം ഉണ്ടാക്കുന്ന പടക്കങ്ങൾ സംസ്ഥാനത്ത് നിരോധിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly